വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ആദിവാസി പ്രതിനിധികൾ സംസാരിക്കുന്നു...

# വനാവകാശകമ്മിറ്റിയിൽ അംഗമാണെന്ന് ഞാൻ പോലും അറിയാത്ത കാലമുണ്ടായിരുന്നു

**സുനിൽ, പണിയ വിഭാഗം, നെടുങ്കയം, നിലമ്പൂർ**

നിലമ്പൂരിലെ നെടുങ്കയം ഊരിലെ പണിയ ആദിവാസി വിഭാഗത്തിൽപ്പെട്ടയാളാണ് ഞാൻ. പ്ലസ് ടു വരെയാണ് ഞാൻ പഠിച്ചത്. ഊരിൽ നിന്നും ആറ് കിലോമീറ്റർ അകലെ വന്നാലെ റോഡ് സൗകര്യമുള്ളൂ. സ്കൂൾ 21 കിലോമീറ്റർ അകലെയുമാണ്. ഊരിലെ ആദിവാസികൾ മാറ്റകൃഷി രീതി ശീലിച്ചുവന്നവരായിരുന്നു. ആനവളർത്തൽ കേന്ദ്രമായി നെടുങ്കയത്തെ പ്രഖ്യാപിച്ചതോടു കൂടി ഈ സമ്പ്രദായം ദുർബലപ്പെടാൻ തുടങ്ങി. ആനകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി അവതരിപ്പിക്കപ്പെട്ട വിവിധ സ്കീമുകളിലേക്ക് ആദിവാസികളെ താത്കാലിക ജീവനക്കാരായി നിയമിച്ചു.

തൊഴിലിടങ്ങൾ നിശ്ചയിക്കപ്പെട്ടതോടെ കാർഷികവൃത്തികളിൽ നിന്നും ആദിവാസികൾ ഉൾവലിഞ്ഞു. മാറ്റകൃഷി നടത്തി വന്ന സ്ഥലങ്ങളിലെല്ലാം ട്രഞ്ചുകൾ നിർമ്മിക്കപ്പെട്ടു. ഇതേ സ്ഥലത്തു തന്നെ വനാവകാശനിയമത്തിനു ശേഷം ജണ്ടകളും സ്ഥാപിച്ചു. എന്താണ് വനാവകാശ നിയമമെന്നൊന്നും ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഞങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളൊന്നും ഇക്കാര്യങ്ങൾ ഞങ്ങളോട് പറഞ്ഞിട്ടുമില്ല. പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച വനാവകാശ നിയമം 2006 എന്ന പുസ്തകം വായിച്ചതിനു ശേഷമാണ് ചില ധാരണകൾ രൂപപ്പെടുന്നത്. വനാവകാശ നിയമം പ്രാബല്യത്തിൽ വന്ന വാഴച്ചാലിലെ ഒരു ഊരു കാണാൻ ഞങ്ങൾ പോയിരുന്നു. തിരിച്ചുവന്ന് ഊരിലെ ആളുകളെ വിളിച്ചുകൂട്ടി വനാവകാശ നിയമത്തിന്റെ സാധ്യതകളെ കുറിച്ച് പറഞ്ഞെങ്കിലും ഫലം കണ്ടില്ല. ഏകദേശം ഒരു വർഷം നീണ്ട ശ്രമങ്ങളുടെ ഫലമായാണ് ഞങ്ങളുടെ കോളനിയിലെ ആളുകൾ വനാവകാശ നിയമത്തെക്കുറിച്ച് സംസാരിച്ചുതുടങ്ങിയത്.

ഐ.ടി.ഡി.പി യിൽ മിനുറ്റ്സ് ബുക്ക് എടുത്തുനോക്കുന്നതുവരെ എനിക്കറിയില്ലായിരുന്നു ഞാൻ വനാവകാശകമ്മിറ്റിയിൽ അംഗമാണെന്ന്. നിങ്ങൾക്ക് ലഭിച്ച കൈവശാവകാശ രേഖയിൽ നിങ്ങളെല്ലാം ഒപ്പിട്ടുകൊടുത്തിട്ടുണ്ടല്ലോ എന്ന് ഐ.ടി.ഡി.പി അറിയിച്ചു. പ്ലസ് ടു വരെ പഠിച്ച ഞാൻ പോലും അറിയാതെയാണ് ഇത്തരം രേഖകൾ ചമയ്ക്കപ്പെട്ടത്. ഇതറിഞ്ഞതിനു ശേഷമാണ് ചില ബോധവത്കരണ പരിപാടികൾ നടത്താൻ തീരുമാനിച്ചത്. ഊരുകൂട്ടം പുനക്രമീകരിക്കുന്നതിന് അവ സഹായകവുമായി. ഇതുവരെ 12 ലധികം ഊരുകൂട്ടങ്ങൾ വിളിച്ചുകൂട്ടി. ഊരുക്കൂട്ടത്തിൽ പുരുഷന്മാരുടെ പങ്കാളിത്തം വളരെ കുറവാണ്. വനവിഭവശേഖരണത്തിനായി പുരുഷന്മാരാണ് കൂടുതലും പോകുന്നത്. തേൻ, പച്ചമരുന്ന്, കായ്കനികൾ തുടങ്ങിയവ ശേഖരിച്ചിരുന്നവർ ഇപ്പോൾ പുറത്ത് പോയി മരം ചുമക്കുന്ന തൊഴിലിൽ ഏർപ്പെടുന്ന സാഹചര്യവുമുണ്ട്. ആദ്യകാലങ്ങളിൽ ഈ തൊഴിൽ ആദിവാസിയേതരർ കൈകടത്തിവെച്ചിരിക്കുകയായിരുന്നു. 1996 ലെ നിരന്തര സമരങ്ങളിലൂടെയാണ് ആദിവാസികളും ഇതിൽ പങ്കാളികളായി തുടങ്ങിയത്. ഈ ജോലി ആദിവാസികൾക്ക് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തികാവസ്ഥ പ്രദാനം ചെയ്തു. പുറത്തെ കടകളിൽ നിന്നും സാധനങ്ങൾ വാങ്ങാമെന്നതായതോടെ വനവിഭവശേഖരണത്തിൽ നിന്നും പുരുഷന്മാർ പിന്തിരിഞ്ഞു.

രണ്ടുതരം ഫോറസ്റ്റ് ഡിവിഷനുകളാണ് ഇവിടുള്ളത്. നോർത്തും സൗത്തും. ഞാൻ സൗത്ത് ഡിവിഷനിലാണ് ഉൾപ്പെടുന്നത്. കാട്ടുനായ്ക്കർ, ചോലനായ്ക്കർ, പണിയർ, അറനാടൻ തുടങ്ങിയ ഏഴ് കമ്മ്യൂണിറ്റികളാണുള്ളത് ഇവിടെയുള്ളത്. ടൗണിൽ നിന്നും ആറ് കിലോമീറ്റർ ഉള്ളിലാണ് ഞാൻ താമസിക്കുന്നത്. അവിടെ നിന്നും 13 കിലോമീറ്റർ അകലെ വനത്തിനുള്ളിലായാണ് ചോലനായ്ക്കർ വിഭാഗം താമസിക്കുന്നത്. ഏകദേ



ശം 500 ൽ താഴെ കുടുംബങ്ങൾ മാത്രമാണ വർ. എന്റെ ഊരിൽ 112 കുടുംബങ്ങളിലായി 336 ആളുകളുണ്ട്. ഇത്രയും കുടുംബങ്ങൾ താമസിക്കുന്നത് മൂന്നര ഏക്കർ സ്ഥലത്താണ്. 85 വീടുകൾ പണിയാനുള്ള ഭൂമി മാത്രമേ അവിടെയുള്ളൂ. ബാക്കിയുള്ളവർക്ക് ഇനി ഭൂമി ലഭിച്ചിട്ടു വേണം ഒരു വീടുവയ്ക്കാൻ. വനാവകാശ നിയമപ്രകാരം 2009 ൽ രൂപീകരിച്ച കമ്മിറ്റിയുടെ ആവശ്യപ്രകാരം 85 കുടുംബങ്ങൾക്കും കൈവശാവകാശരേഖ കൊടുത്തിട്ടുണ്ട്. അതും മൂന്ന് സെന്റ് ഭൂമിക്കുമാത്രം. 107 വ്യക്തിഗത അപേക്ഷ നൽകിയെങ്കിലും രണ്ട് വർഷമായിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. വനാവകാശ നിയമപ്രകാരം 49 ദിവസത്തിനുള്ളിൽ മറുപടി ലഭിക്കേണ്ടതാണ്.

വനവിഭവശേഖരണം ഊരിലെ എല്ലാ അംഗങ്ങളും നടത്തുന്നുണ്ടെങ്കിൽ കൂടിയും വി.എസ്.എസ് മുഖേന വിൽക്കുന്ന വനവിഭവങ്ങൾക്ക് ഭേദപ്പെട്ട വില ലഭിക്കുന്നില്ല. ഇടനിലക്കാർ വഴി അത് വിറ്റഴിക്കുകയാണിവിടെ. ശേഖരിച്ച വിഭവങ്ങൾ ക്രമീകരിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത വി.എസ്.എസിനുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വനാവകാശ കമ്മിറ്റികൾ ചില മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നു. കൂടാതെ, കിഴങ്ങുവർഗ്ഗങ്ങളുടെ ദൗർലഭ്യം വരുത്തിവെക്കുന്ന പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി ചില സീസണൽ കൃഷി രീതികളും വനാവകാശ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വനാവകാശ കമ്മിറ്റി പ്രസിഡന്റ് ബൈജു ഇതിന് നല്ല മാതൃകയായിരുന്നു. സാമ്പ്രദായിക കൃഷി രീതികൾ തിരിച്ചുപിടിക്കുന്നതിനായി കൃഷിഭവന്റെ സാമ്പത്തികസഹായം ആവശ്യപ്പെട്ടുകൊണ്ട് ചില പ്രൊജക്ടുകൾ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. വനപ്രദേശത്ത് കൃഷിഭവൻ അനുവദിച്ച മൂന്നര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാനും ശേഷമുള്ള വിത്തിനങ്ങൾ കൃഷിഭവനെ ഏൽപ്പിക്കണമെന്നും പറഞ്ഞ് രണ്ടര ലക്ഷം രൂപ അനുവദിച്ചു. അവനവന്റെ സ്ഥലത്തു തന്നെ വികേന്ദ്രീകൃത രീതിയിൽ കൃഷിചെയ്യാനുള്ള ഞങ്ങളുടെ ശ്രമം പരാജയപ്പെട്ടു. ഇതിനെ തുടർന്ന് ഞങ്ങൾ ആ പ്രൊജക്ട് വേണ്ടെന്നു വെച്ചു.

വനാവകാശ കമ്മിറ്റിയുടെ നേതൃത്വത്തിൽ 13 തരത്തിലുള്ള സർവ്വേ ആണ് ഇതിനായി ഞങ്ങൾ നടത്തിയത്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഞങ്ങളുടേതായ രീതിയിലുള്ള ഒരു സർവ്വേ ആയിരുന്നു അത്. പരമ്പരാഗത അറിവുകൾ ശേഖരിക്കുക എന്നതും മുഖ്യ ഉദ്ദേശമായിരുന്നു. പരമ്പരാഗത കൃഷിരീതികൾ, പച്ചമരുന്നുകൾ, മത്സ്യങ്ങൾ, വിത്തിനങ്ങൾ, ഇലക്കറികൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ മുതിർന്നവരിൽ നിന്നും കേട്ടുമനസ്സിലാക്കി. നേഴ്സറികൾ, തേനീച്ചവളർത്തൽ പരിശീലനങ്ങൾ എന്നിവയും വനാവകാശ കമ്മിറ്റിയുടെ മുൻകൈയ്യിൽ നടത്തി വരുന്നു. വനത്തിൽ നിന്നും കിട്ടുന്ന നെല്ലിക്ക, മാങ്ങ തുടങ്ങിയ വിഭവങ്ങൾ കൊണ്ട് ജാമുകളും അച്ചാറുകളും ഉണ്ടാക്കാനുള്ള പരിശീലനവും നൽകുന്നുണ്ട്. ഊരിലെ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. 500 ചതുരശ്ര കിലോമീറ്ററിലധികം തേക്കുതോട്ടങ്ങളാണ് ഇന്ന് ഈ വനത്തിനുള്ളിലുള്ളത്. ഇത് ചൂടിന്റെ കാഠിന്യം വല്ലാതെ കൂട്ടിയിട്ടുണ്ട്.

നെടുങ്കയം, മുണ്ടക്കടവ്, ഊങ്ങാറ് തുടങ്ങിയ ഊരുകളെ വനത്തിനുള്ളിൽ നിന്നും ഞങ്ങളുടെ ആളുകകളെ മാറ്റിത്താമസിപ്പിച്ചിട്ടുണ്ട്. 2007 ലാണ് മുണ്ടക്കടവിലുള്ള കാട്ടുനായ്ക്കരെ സൗകര്യങ്ങളുടെ അപര്യാപ്തത കാണിച്ച് വനത്തിൽ നിന്നിറക്കിയത്. വനത്തിനുള്ളിൽ ട്രഞ്ചിട്ടും ജണ്ടയിട്ടും അതിരു നിശ്ചയിച്ച് ഞങ്ങളെ ബോധപ്പൂർവ്വം ഘട്ടംഘട്ടമായി വനത്തിൽ നിന്നിറക്കുകയാണുണ്ടായത്. വനാവകാശ നിയമം മാത്രമാണ് ഇതിനെയെല്ലാം പ്രതിരോധിക്കാൻ ഇപ്പോൾ കരുത്ത് നൽകുന്നത്. ■